**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 546** **13-01-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഭേൽ -ഇ.എം.എൽ തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ഭേൽ -ഇ.എം.എൽ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ സർക്കാർ പൂർണ്ണമായും മനസ്സിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാസർഗോഡ് ഭെൽ ഇ.എം.എല്ലിലെ തൊഴിലാളികൾ നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ വിവിധ ആൾട്ടർനേറ്റേഴ്സ്, മറ്റ് ജനറൽ ആവശ്യങ്ങൾക്കുള്ള ആൾട്ടർനേഴ്സമാണ് ഈ കമ്പനിയുടെ ഉൽപ്പന്നങ്ങൾ. തുടർച്ചയായ നഷ്ടം മൂലം പ്രവർത്തനമൂലധനത്തിലുണ്ടായ ശോഷണം മൂലം ഉൽപ്പാദന വിതരണ പ്രക്രിയയിലുണ്ടായിരിക്കുന്ന തടസ്സങ്ങളാണ് നിലവിലെ പ്രതിസന്ധിയ്ക്ക് കാരണം. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത മൂലം ലഭ്യമായ ഓർഡറുകൾ പോലും ചെയ്യാൻ പറ്റാത്ത സാഹചര്യമാണുള്ളത്. |
| (ബി) | ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്കു എത്ര മാസമായി ശമ്പളം കിട്ടിയിട്ടില്ല എന്ന് വ്യക്തമാക്കാമോ; | (ബി) | എക്സിക്യൂട്ടീവ് കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പളം ഡിസംബർ 2018 മുതലും തൊഴിലാളികളുടെ ശമ്പളം ജനുവരി 2018 മുതലും നൽകിയിട്ടില്ല. |
| (സി) | ശമ്പളം കിട്ടാതെ ദുരിതമനുഭവിക്കുന്ന ജീവനക്കാർക്കും കുടുംബങ്ങൾക്കും വേണ്ടി സർക്കാർ എന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (സി) | ജീവനക്കാരുടേയും കുടുംബാംഗങ്ങളുടേയും ദയനീയ അവസ്ഥ പരിഗണിച്ച് കമ്പനിയുടെ അപേക്ഷ പ്രകാരം 5 കോടി രൂപയുടെ പ്രവർത്തനമൂലധന സഹായം കെ.എം.എം.എല്ലിൽ നിന്നും ഫെബ്രുവരി 2018ൽ കേരള സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ മാർച്ച് 2019 ൽ 1.50 കോടി രൂപയുടെ സഹായവും സർക്കാർ നൽകിയിരുന്നു. കൂടാതെ സെപ്റ്റംബർ മാസം 2020 ൽ 15 ലക്ഷം രൂപയുടെ സഹായവും കേരള സർക്കാർ നൽകിയിട്ടുണ്ട്. ഇതിന്റെ ഫലമായി ഇടക്കാലാശ്വാസമായി പലതവണകളായി ചെറിയ തുകകൾ ജീവനക്കാർക്ക് നൽകുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ ജീവനക്കാരുടെ ഭാവി | (ഡി) | കമ്പനിയിൽ നിലവിൽ ഉൽപ്പാദന പ്രവർത്തനങ്ങൾ നടക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ |

| | | | |
|---|---|---|---|
| | സുരക്ഷിതമാക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | | സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണ നയത്തിന്റെ ഭാഗമായി ഓഹരികൾ വിറ്റഴിക്കുന്നതിനായി തീരുമാനിച്ച ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ഇടപെടലുകളാണ് പ്രാരംഭമായി കേരള സർക്കാർ നടത്തിയത്. പ്രസ്തുത നടപടികൾ ഫലം കാണാത്തതിനാലാണ് ഏറ്റെടുക്കൽ നടപടികളുമായി സർക്കാർ മുന്നോട്ടുപോയത്. ഈ കമ്പനിയിലെ ഭെലിന്റെ 51% ഓഹരികൾ ഒരു രൂപ വിലയ്ക്ക് (consideration price) ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കേരള സർക്കാർ തലത്തിൽ പൂർത്തിയാക്കി സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനത്തിനായി കാത്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ